MR. JOSEPH MALIECKAL (*Todupuzha I—General*) : ഈ പെർമിറ്റിൽ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്?

HON'BLE V. O. MARKOS : മി. സി. പി. ഗോപാലപ്പണിക്കരാണ് ഒപ്പിട്ടിട്ടുള്ളത്.

MR. JOSEPH MALIECKAL : ഇതു് ഗവണ്മെൻറുത്തരവനുസരിച്ചാണെന്നു കാണിക്കാൻ എന്തെങ്കിലും തെളിവുണ്ടോ ?

HON'BLE MR. V. O. MARKOS : അതിനുത്തരം പറയത്തക്ക നിലയിൽ ഞാൻ ആ ഫയൽ പഠിച്ചിട്ടില്ല.

MR. P. T. CHACKO: ഗവണ്മെൻറുത്തരവാണെങ്കിൽ സാധാരണയായി ഒരു മിനിസ്റ്ററുടെ ആർഡർ അതിൽ കാണണ്ടേ?

HON'BLE MR. V. O. MARKOS : മിനിസ്ട്രി പൗവ്വറിൽ ഇരിക്കുമ്പോൾ ഉദ്യോഗസ്ഥന്മാർക്കുതന്നെ ചെയ്യാവുന്ന കാര്യങ്ങൾ അവർക്കു ചെയ്യാം.

MR, P. T. CHACKO : ഗവണ്മെൻറു നിരോധിച്ചിട്ടുള്ള കാര്യങ്ങൾക്കു് വീണ്ടും ഗവണ്മെൻറുത്തരവുണ്ടാകണമെങ്കിൽ മിനിസ്റ്റർമാരുടെ അനുവാദം വേണ്ടതല്ലേ? ആ നിലയ്ക്കു് ആ ഉദ്യോഗസ്ഥൻ തന്നെയാണ് ഉത്തരവിട്ടതെങ്കിൽ വേണ്ട അന്വേഷണം നടത്തി ആവശ്യമായ നടപടി നടത്തുമോ ?

HON'BLE MR. V. O. MARKOS : അതിനെക്കുറിച്ചുള്ള ഫയൽ പരിശോധിച്ചു് വേണ്ടതു ചെയ്യാം.

Export of Tapioca

185. MR. P. T. CHACKO : Will the Hon'ble Minister for Food be pleased to state whether the Government intend to grant permit for the export of tapioca this year ?

HON'BLE MR. V. O. MARKOS : So long as the food situation in the country continues to be difficult it is not the intention of Government to grant permits for the export of tapioca.

MR. P. T. CHACKO : മുമ്പുണ്ടായിരുന്നതുപോലെ മിനിസ്റ്റർമാരുടെ ഉത്തരവില്ലാതെ പെർമിറ്റുകൾ ഉണ്ടായിപ്പോകുമോ ?

HON'BLE MR. V. O. MARKOS : അങ്ങനെ ഉണ്ടാകാനിടയില്ല.

MR. P. BALAKRISHNAN TAMPI (*Mavelikara III—General*) : Have any representations been received by Government fromthe agriculturists praying for the export of tapioca in addition to their quota?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS : അങ്ങനെ അഗ്രിക്കൾച്ചറിസ്റ്റിസിൽ നിന്നും അപേക്ഷകണ്ടില്ല. ചില ആളുകൾ ആ നിലയിൽ അപേക്ഷിച്ചിട്ടുണ്ട്.

Merger or Union of Travancore with the Indian Union.

186. MR. V. K. VARGHESE (*Pathanamthitta III—General*): Will the Hon'ble Minister for Political and General be pleased to state :

(*a*) whether Government is negotiating with anybody to effect a merger or union of the Travancore State with the Indiau Union or with any part of Indian Union or with any Indian State or States; and

(*b*) whether the Government have got any instructions from the Government of India or other authorities directing or suggesting any move towards making State of Travancore a part of another Province or State ?

HON'BLE MR. T. K. NARAYANA PILLAI : (*a*) and (*b*) No.

MR. V. K. VARGHESE : കൊച്ചി-തിരുവിതാംകൂർ-മലബാർ ജനപ്രതിനിധികൾ ചേർന്ന് തിരുവിതാംകൂർ-കൊച്ചി-മലബാർ ഇവയുടെ സംയോജനം സംബന്ധിച്ച് ആലോചന നടക്കുന്നതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

MR. P. M. VARGHESE (*Thodupuzha II—General*) : ഇൻഡ്യാഗവണ്മെൻറിൽനിന്നും ഇവിടത്തെ ഭരണഘടനയുണ്ടാക്കുന്നതിന് അല്പം താമസിക്കണമെന്ന് ഒരു ഇൻഫർമേഷൻ കിട്ടിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഇതിനത്തരം പറയാമെന്നല്ലാതെ ആ ചോദ്യവുമായി ബന്ധമൊന്നുമില്ല. അങ്ങനെ ഒരു കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടുണ്ട്.

വളംഡിപ്പോ.

* 187. MR. T. T. KESAVAN SASTRI : (*Kunnathunad I—Pulaya Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കുന്നത്തുനാട് താലൂക്കിൽ ചേന്ന മാണിക്കമംഗലം പകുതിയിൽ ഒരു വളംഡിപ്പോ സ്ഥാപിച്ചു സഹായിക്കുന്നതിനു പൊതുജനങ്ങളുടെ അപേക്ഷ കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly